# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ആർ.ഒ.സി.10935/09/ലാന്റ്.**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
04/03/2023

## സർക്കുലർ

**വിഷയം:** - ദേവസ്വം ഭൂമിയുടെ റീ-സർവ്വെ റിക്കാർഡുകളിലെ അപാകത പരിഹരിക്കുന്നതിന് അപേക്ഷ നൽകുന്നത് സംബന്ധിച്ച്.

**സൂചന:-**
1. സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ **24/12/2022**-ലെ ഉത്തരവ്.
2. ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച **08/12/2022, 30/01/2023-** തീയതികളിലെ മേൽ നമ്പർ സർക്കുലർ.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ നെയ്യാറ്റിൻകര ഗ്രൂപ്പിൽപ്പെട്ട പാറശ്ശാല മുതൽ വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട പെരുവനം വരെയുള്ള എല്ലാ ദേവസ്വം ഭൂമികളുടെയും റവന്യൂ റിക്കാർഡുകളിൽ 'പുറമ്പോക്ക് സർക്കാർ', 'സർക്കാർ ക്ഷേത്രം' എന്നിങ്ങനെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന പരാമർശങ്ങൾ നീക്കി 'ദേവസ്വം വക' എന്നാക്കി മാറ്റി തിരുത്തൽ രേഖപ്പെടുത്തി ദേവസ്വം ഭൂമികൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും, 2022 നവംബർ മാസം മുതൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉൾപ്പെട്ട് വരുന്ന ഭൂമികളിലെ റിക്കാർഡുകൾ തയ്യാറാക്കുമ്പോൾ ക്രമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വിവരിച്ച് സർവ്വെ ജോയിന്റ് ഡയറക്ടർക്കും കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം ഡെപ്യൂട്ടി ഡയറക്ടറർമാർക്കും അസിസ്റ്റന്റ് ഡയറക്ടർ മാർക്കും സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകിയിട്ടുള്ളതാണ് (സൂചന-1).

പ്രസ്തുത ഉത്തരവിലെ താൽപ്പര്യപ്രകാരം, സബ്ഗ്രൂപ്പാഫീസർമാരുടെ കീഴിൽ വരുന്ന എല്ലാ ദേവസ്വം ഭൂമികളുടെയും രേഖകൾ പരിശോധിച്ച് റവന്യൂ റിക്കാർഡുകളിൽ 'പുറമ്പോക്ക് സർക്കാർ', 'സർക്കാർ ക്ഷേത്രം' എന്നിങ്ങനെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന പരാമർശങ്ങൾ നീക്കി 'ദേവസ്വം വക' എന്നാക്കി മാറ്റി തിരുത്തൽ രേഖപ്പെടുത്തുന്നതിലേയ്ക്കായി ദേവസ്വം ലാന്റ് രജിസ്റ്റർ, സെറ്റിൽമെന്റ് രജിസ്റ്റർ, തിരുവിതാംകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (TCHRI)

ആക്ട് സെക്ഷൻ **27, 50** എന്നിവയുടെ പകർപ്പ് സഹിതം അതത് പഞ്ചായത്തിനു കീഴിലുള്ള ഡിജിറ്റൽ റീ-സർവ്വെയുടെ ക്യാമ്പ് ആഫീസുകളിൽ നേരിട്ട് **അപേക്ഷ** നൽകുന്നതിന് എല്ലാ സബ്ഗ്രൂപ്പ് ആഫീസർമാർക്കും കർശന നിർദേശം **നൽകുവാൻ എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും** ശ്രദ്ധിക്കേണ്ടതാണ്. **എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകളിലും** ടി നടപടി കൃത്യമായി **നടത്തുന്നതിന് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ജാഗ്രത പുലർത്തേണ്ടതാണ്.**

മേൽ പരാമർശിച്ച കാര്യങ്ങളിൽ സംശയനിവാരണമോ, മറ്റ് മാർഗ്ഗനിർദേശങ്ങളോ ആവശ്യമുണ്ടെങ്കിൽ ലാന്റ് സ്പെഷ്യൽ ആഫീസറുമായി ബന്ധപ്പെട്ട് നടപടി കൈകൊള്ളേണ്ടതും, പ്രസ്തുത അപേക്ഷ നൽകിയതിന്റെ പകർപ്പ് സഹിതം വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അപ്രകാരം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് എതിരെ കർശനമായും അച്ചടക്കനടപടി സ്വീകരിക്കുന്നതും, വിവരം ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും.

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്**

1. **എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും**
2. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
3. **ലാന്റ് സ്പെഷ്യൽ ആഫീസർ**
4. **ഐ.റ്റി.ഡിവിഷൻ**
5. **ഫെയർ ഓഫീസ് കോപ്പി**